**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504** **27-02-2023 - ൽ മറുപടിയ്ക്ക്**

**പാറ ക്വാറികൾക്കുള്ള പ്രവർത്തനാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ എത്ര പാറക്വാറികൾക്ക് പ്രവർത്തനാനുമതി ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ല - 0<br>കൊല്ലം ജില്ല - 14<br>തിരുവനന്തപുരം ജില്ല - 44 |
| (ബി) | പ്രസ്തുത ജില്ലകളിൽ പാറ ക്വാറികൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ജില്ല - 0<br>കൊല്ലം ജില്ല - 58 അപേക്ഷകൾ<br>(ക്വാറിയിംഗ് ലീസ്-32 ; ക്വാറിയിംഗ് പെർമിറ്റ്-26)<br>തിരുവനന്തപുരം ജില്ല -27 അപേക്ഷകൾ<br>(ക്വാറിയിംഗ് ലീസ്-22; ക്വാറിയിംഗ് പെർമിറ്റ്-5) |
| (സി) | പ്രവർത്തനാനുമതി ലഭ്യമായിട്ടുള്ള പാറ ക്വാറികൾക്കെതിരെ നിലവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | ആലപ്പുഴ ജില്ലയിൽ ബാധകമല്ല.<br>കൊല്ലം ജില്ലയിൽ പ്രവർത്തനാനുമതിയുള്ള എല്ലാ ക്വാറികൾക്കുമെതിരെ നിലവിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. ക്വാറികളിൽ നിന്നും അനുവദിച്ച അളവിൽ കൂടുതൽ അനധികൃതമായി ഖനനം ചെയ്തിട്ടുണ്ടെങ്കിൽ താലൂക്ക് സർവ്വേയറുടെ സ്കെച്ചിന്റെയും ജില്ലാ ജിയോളജി ആഫീസിൽ നിന്നുള്ള സ്ഥല പരിശോധനയുടെയും അടിസ്ഥാന ത്തിൽ കെ.എം.എം.സി ചട്ട പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്ഥല പരിശോധനയിൽ മൈനിങ് പ്ലാനിലെ നിബന്ധനകളുടെ ലംഘനം ശ്രദ്ധയിൽ പെട്ടാൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.<br>തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനാനുമതി ലഭ്യമായിട്ടുള്ള പാറ ക്വാറികൾക്കെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്വാറികളിൽ പരിശോധന നടത്തി ചട്ട ലംഘനങ്ങൾ |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപെടുന്ന പക്ഷം 2015 ലെ കെ. എം. എം. സി ചട്ടങ്ങൾ പ്രകാരം നിയമ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ